**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 795** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠനം സൃഷ്ടിക്കുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. റോജി എം. ജോൺ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ ലോക്ക് ഡൗൺമൂലം നടപ്പിലാക്കിയ ഓൺലൈൻ പഠനം കുട്ടികളിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഓൺലൈൻ ക്ലാസുകളോടൊപ്പം കുട്ടികൾക്കായി മാനസികാരോഗ്യ ക്ലാസുകൾ കൂടി ഉൾപ്പെടുത്തുന്നതിനെ കുറിച്ച് ആലോചിക്കാമോ; | (ബി) | ഓൺലൈൻ ക്ലാസ്സുകളോടൊപ്പം തന്നെ കുട്ടികൾക്ക് മാനസികാരോഗ്യ ക്ലാസ്സുകൾ കൂടി ഹയർസെക്കന്ററി വിഭാഗത്തിൽനിന്നും നൽകിവരുന്നുണ്ട്. വിദ്യാർത്ഥികൾക്കായി എല്ലാ ഞാറാഴ്ചകളിലും SHE Assembly എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസ്സുകളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതിൽ മനശാസ്ത്രജ്ഞരുടെ സഹായം തേടുന്നുണ്ട്. ഒപ്പംതന്നെ കായിക ക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും ലഭ്യമാക്കുന്നുണ്ട്. വിക്ടേഴ്സ് ചാനൽവഴി ഇത്തരം ക്ലാസ്സുകൾകൂടി സംപ്രേക്ഷണം ചെയ്യുന്നുണ്ട്. |
| (സി) | വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും മാനസികാരോഗ്യ സാക്ഷരത കൊണ്ടു വരുന്നതിനെകുറിച്ച് ആലോചിക്കാമോ; | (സി) | മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ സ്കൂളുമായി ബന്ധപ്പെട്ട് ഇപ്പോൾ തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. ജീവിതനൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 'ഉല്ലാസപ്പറവകൾ' എന്ന പേരിലുള്ള പ്രവർത്തനം സംസ്ഥാനത്തു നടന്നുവരുന്നു. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ട് പോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. Our Responsibility to Children (ORC) എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നുണ്ട്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ |

| | | | |
|---|---|---|---|
| | | | പരിപാടിയുടെ ലക്ഷ്യമാണ്. ഇതിലെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ഊന്നൽ നൽകുന്നുണ്ട്. പഠനത്തിന്റെ ഭാഗമായ കണ്ടെത്തലുകൾക്കനുസരിച്ച് കൂടുതൽ ഫലപ്രദമായ ഇടപെടലിനായി പദ്ധതികൾ തയ്യാറാക്കുന്നതാണ്. |
| (ഡി) | വിദ്യാർത്ഥികൾക്ക് വീട്ടിൽ തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അന്തരീക്ഷം സൃഷ്ടിക്കുന്ന തരത്തിലുള്ള ടൈം ടേബിളുകൾ തയ്യാറാക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാമോ? | (ഡി) | വീട്ടിൽ തന്നെ പഠനാന്തരീക്ഷം സൃഷ്ടിക്കുന്ന തരത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ പ്രഥമാധ്യാപകരുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ